LIBRARY ARCHIVES Kerala Legislative Assembly

ഉത്തര മലബാർ ജലോത്സവം

243 (5046) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ഉത്തരമലബാർ ജലോത്സവത്തിന് കഴിഞ്ഞ വർഷം (2014-ൽ) 2 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടും പ്രസ്തുത തുക ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ജലോത്സവങ്ങൾക്കും മറ്റും സാമ്പത്തിക സഹായം അനുവദിച്ചു നൽകുന്ന '3452-80-104-99-Conservation Preservation and Promotion of Heritage, Environment and Culture' എന്ന പ്ലാൻ ശീർഷകത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് 2014-15 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിലെ ഉത്തര മലബാർ ജലോത്സവത്തിനു സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ സാധിക്കാതിരുന്നത്. ആയതിനാൽ 2014 ജലോത്സവത്തിനു സാമ്പത്തിക സഹായം അടിയന്തരമായി ഈ സാമ്പത്തിക വർഷം സംഘാടകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ ടൂറിസം മേഖലയുടെ വികസനം

244 (5047) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ടൂറിസം മേഖലയുടെ വികസനം സംബന്ധിച്ച് വയനാട് ടൂറിസം ഓർഗനൈസേഷൻ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) ഉണ്ട്. ടൂറിസം സാധ്യതാ പഠനം നടത്തിവരുന്നു.